"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുഭരണ വകുപ്പ് - ജീവനക്കാര്യം - നിയമ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറിയായിരുന്ന ശ്രീ. എസ്. സുരേഷ് കുമാർ അന്യത്ര സേവന കാലാവധി അവസാനിച്ചതിനെ തുടർന്ന് മാതൃവകുപ്പിൽ റിപ്പോർട്ട് ചെയ്ത 30.05.2025 മുതൽ വിരമിക്കുന്ന 31.05.2025 വരെയുള്ള കാലയളവ് അർഹതപ്പെട്ട അവധിയായി ക്രമീകരിച്ചുകൊണ്ടും പ്രസ്തുത കാലയളവിൽ അവധി അനുവദിച്ചു നൽകിയ നിയമ വകുപ്പിന്റെ നടപടി സാധൂകരിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.3075/2025/GAD തീയതി,തിരുവനന്തപുരം, 16-07-2025

---

പരാമർശം:- 18.06.2025 - ലെ സ.ഉ. (സാധാ) നം. 715/2025/നിയമം.

**<u>ഉത്തരവ്</u>**

നിയമ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറിയും സെൻട്രൽ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ചെന്നൈ ബെഞ്ചിൽ ഡെപ്യൂട്ടി രജിസ്ട്രാർ തസ്തികയിൽ അന്യത്രസേവനത്തിലായിരുന്ന ശ്രീ. എസ് സുരേഷ് കുമാർ സർവീസിൽ നിന്നും വിരമിക്കുന്നതിന് മുന്നോടിയായി 30.05.2025 പൂർവാഹ്നത്തിൽ മാതൃവകുപ്പിൽ റിപ്പോർട്ട് ചെയ്തിരുന്നു. പ്രസ്തുത സമയത്ത് നിയമ വകുപ്പിൽ കേഡർ തസ്തികയിൽ ഒഴിവുണ്ടായിരുന്നില്ല. തുടർന്ന്, 30.05.2025 മുതൽ 31.05.2025 വരെ ടിയാൻ പരിവർത്തിതാവധിക്ക് അപേക്ഷിക്കുകയും, പരാമർശത്തിലെ ഉത്തരവ് പ്രകാരം നിയമ വകുപ്പ് അവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയുമുണ്ടായി. ശ്രീ. എസ് സുരേഷ് കുമാർ -ന്റെ നിയമനത്തിനായി കാത്തുനിന്ന കാലയളവ് ക്രമീകരിക്കുന്നതിനുള്ള ഒരു നിർദ്ദേശം നിയമ വകുപ്പിൽ നിന്നും ലഭിച്ചിരുന്നു.

(2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. നിയമ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറിയായിരുന്ന ശ്രീ. എസ് സുരേഷ് കുമാർ അന്യത്ര സേവന കാലാവധി അവസാനിച്ചതിനെ തുടർന്ന് മാതൃവകുപ്പിൽ റിപ്പോർട്ട് ചെയ്ത 30.05.2025 മുതൽ ടിയാൻ സർവ്വീസിൽ നിന്നും വിരമിക്കുന്ന 31.05.2025 വരെയുള്ള കാലയളവ് അർഹതപ്പെട്ട അവധിയായി ക്രമീകരിച്ചുകൊണ്ടും പരാമർശ ഉത്തരവ് പ്രകാരം പ്രസ്തുത കാലയളവിൽ അവധി അനുവദിച്ചു നൽകിയ നിയമ വകുപ്പിന്റെ നടപടി സാധൂകരിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുധ .ബി
അഡിഷണൽ സെക്രട്ടറി

ശ്രീ. എസ് . സുരേഷ് കുമാർ, ഡെപ്യൂട്ടി സെക്രട്ടറി (റിട്ടയേർഡ്), നിയമ വകുപ്പ് (നിയമ വകുപ്പ് മുഖാന്തിരം)
നിയമ വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
പൊതുഭരണ (ഇ-അഡ്മിനിസ്ട്രേഷൻ) വകുപ്പ്
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Binu Kumar N S
Date: 16-07-2025 13:57:16
സെക്ഷൻ ഓഫീസർ